ADJOURNMENT MOTION

മി. സ്പീക്കർ: ഒരു അടിയന്തിരപ്രമേയം കിട്ടിയിട്ടുണ്ട്. ഭക്ഷണസാധനങ്ങൾ വാങ്ങിയ വകയിൽ ഈ യൂണിയൻ ഗവൺമെണ്ടിൽനിന്നും ഇൻഡ്യാ ഗവൺമെണ്ടിലേക്ക് ഒരുകോടി പതിനഞ്ചുലക്ഷം രൂപാ കൊടുക്കാനുണ്ടെന്നു് ധനകാര്യമന്ത്രി ഈ സഭയിൽപ്രസ്താവിക്കുകയുണ്ടായെന്നും, എന്നാൽ അടുത്തൊരുദിവസം അതിനെ സംബന്ധിച്ചു് ഇൻഡ്യൻ പാർലിമെൻറിൽ ക്ഷേമവകുപ്പുമന്ത്രി അനേകംകോടിരൂപാ കൊടുക്കാനുണ്ടു് എന്നു് ഒരു പ്രസ്താവന ചെയ്തതായി പത്രങ്ങളിൽ കാണുകയുണ്ടായി എന്നും, അതിനാൽ ആ സംഗതിയെ സംബന്ധിച്ചു് സൂക്ഷ്മവും വിശദവുമായ വിവരങ്ങൾ മനസ്സിലാക്കുന്നതിനു് ഈ സഭയ്ക്കു അവകാശമുണ്ടെന്നും, ഈ വസ്തുത ബഡ്ജറിലോ, ഫൈനാൻഷ്യൽ സ്റ്റേറ്റുമെൻറിലോ കൊള്ളിച്ചിട്ടില്ലെന്നും മറ്റുമുള്ള സംഗതിയെ സംബന്ധിച്ചു് പ്രസ്താവിക്കുന്നതിനായിട്ടു് സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നാണു് അടിയന്തിരപ്രമേയം. ഇതു് പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണെന്നുള്ളതു് നിശ്ചയമാണു്. എന്നാൽ സഭയുടെ സാധാരണ നടപടികൾ മാറ്റിവച്ചിട്ടു് ഒരു അടിയന്തിരപ്രമേയമെന്നുള്ളനിലയിൽ ഈ സംഗതി എടുത്തു് വാദപ്രതിവാദം ചെയ്യണമോ എന്നു് തീരുമാനിക്കുന്നതിനുമുമ്പായി ഇതിനെ സംബന്ധിച്ച വിശദവിവരങ്ങൾ ബന്ധപ്പെട്ടബഹുമാനപ്പെട്ടമന്ത്രി പ്രസ്താവിക്കുന്നതു് നന്നായിരിക്കുമെന്നു് വിചാരിക്കുന്നു.

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ എ. ജെ. ജോൺ:) ഭക്ഷ്യസാധനങ്ങളുടെ വിലവകയിൽ ഇൻഡ്യാഗവൺമെണ്ടിനു് കൊടുക്കേണ്ടതായ തുക ബഡ്ജറിലോ ബഡ്ജറു് മെമ്മോറാണ്ടത്തിലോ ചേർത്തിട്ടില്ലെന്നാണു് അടിയന്തരപ്രമേയത്തിൽ പ്രസ്താവിച്ചിരിക്കുന്നതു്. ബഡ്ജറു് മെമ്മോറാണ്ടത്തിൽ, "സപ്ലൈക്കളും ബാദ്ധ്യതകളും" എന്ന ഇനത്തിൽ അതു് പ്രത്യേകം കാണിച്ചിട്ടില്ലെങ്കിലും ഇതുസംബന്ധിച്ച വിവരങ്ങളെല്ലാം ബഡ്ജിറിൽ കൊള്ളിച്ചിട്ടുണ്ടു്. അതുസംബന്ധിച്ച വിവരങ്ങൾക്കായി ബഹുമാനപ്പെട്ട മെമ്പറന്മാരുടെ ശ്രദ്ധയെ ബഡ്ജറിൻെറ നമ്പർ ര, നമ്പർ ൪—ഈ വശങ്ങളിലേക്കു് ഞാൻ ക്ഷണിച്ചുകൊള്ളുന്നു. അതിൻെറ സംക്ഷിപ്തമായ ഒരു സ്റ്റേറ്റുമെൻറു്, ഫൈനാൻഷ്യൽ സ്റ്റേറ്റുമെൻറു് പുറം, പുറം എന്നീ പേജുകളിലും ഉൾപ്പെടുത്തിയിട്ടുണ്ടു്. ഈ ഇനം 'ഫുഡ് സ്റ്റഫ്' അഡ്വാൻസു്' എന്ന നിലയിലാണു് പുറപുറം-ൽ ഈ ഇടപാടു് തുടങ്ങിയതുമുതൽ ബഡ്ജറിൽ കൊള്ളിച്ചുവന്നിട്ടുള്ളതു്. ബാദ്ധ്യതകൾ അവസാനമായി കണക്കാക്കുന്നതിട്ടപ്പെടുത്തിയതിനുശേഷമെ ക്ലിപ്തമായി നിശ്ചയിക്കാൻ സാധിക്കുകയുള്ളു എന്നുള്ളതാണു് ഇതിനുകാരണം. അതായതു് ചിലപ്പോൾ ഒരുകോടി രൂപാ നാം ഇൻഡ്യാ ഗവൺമെണ്ടിനു് കൊടുക്കാനുണ്ടെങ്കിൽ രണ്ടുകോടി രൂപായുടെ ഭക്ഷ്യസാധനങ്ങൾ നമ്മുടെ കയ്യിൽ സ്റ്റാക്കുണ്ടായിരിക്കും. നേരെ മറിച്ചു് ചിലപ്പോൾ അരക്കോടി രൂപയുടെ സ്റ്റാക്കെ ഉണ്ടായുള്ളു എന്നുവരും. ഇങ്ങിനെ ക്ലിപ്തമില്ലാതിരിക്കുന്നതുകൊണ്ടു് അപ്പോഴപ്പോൾ അസാറസ് എത്രയെന്നും ലയബിലറീസ് എത്രയെന്നും ക്ലിപ്തപ്പെടുത്താൻ സാദ്ധ്യമല്ല. ഇങ്ങിനെ ഇരിക്കുന്ന സ്ഥിതിക്കു് അതു മുഴുവൻ ലയബിലറീസ് ആണെന്നു് പറയുന്നതു് ശരിയല്ല. അതുകൊണ്ടാണു് ആ വിധത്തിൽ ഇനം തിരിച്ചുപറയാതെ 'ഫുഡ് അക്കൌൻറ്സ്' എന്നു് മൊത്തത്തിൽ ബഡ്ജറിൽ കൊള്ളിച്ചിട്ടുള്ളതു്. അതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഞാൻ പിന്നീടു് പ്രസ്താവിക്കാം.

ആദ്യമായി ഇൻഡ്യാ ഗവൺമെണ്ടിനു് ഈ ഗവൺമെണ്ടിൽനിന്നും കൊടുക്കാനുണ്ടായിരുന്നതും കൊടുത്തിട്ടുള്ളതുമായ തുകകളുടെ കണക്കു് സഭയെ അറിയിക്കാം. പുറ൪൯ ജൂലൈ പുറാംതീയതിമുതൽ ആ കൊല്ലം ഡിസംബർ നുറാം തീയതിവരെ ഭക്ഷ്യസാധന ഇടപാടിൽ യാതൊരുതുകയും ഇൻഡ്യാ ഗവൺമെണ്ടിനു് കൊടുക്കാനില്ല. പുറ൪൯ ജൂലൈമാസത്തിൽ ഭക്ഷ്യസാധന ഇടപാടിൽ ൨൯,൪൨,൯൩൦൭ രൂപാ കൊടുക്കാനുണ്ടായിരുന്നതു് മുഴുവൻ കൊടുത്തിട്ടുണ്ടു്. അതുപോലെ ആഗസ്റ്റു് മാസത്തിലും പു,൪൭,൩൭,൯൫൩൦ രൂപയുടെ ഭക്ഷ്യസാധനങ്ങൾ വാങ്ങുകയും ആ തുക മുഴുവൻ ആഗസ്റ്റിൽതന്നെ കൊടുക്കുകയും ചെയ്തിട്ടുണ്ടു്. സെപ്റ്റംബർ മാസത്തിൽ പു,൩൨,൭പു,൯൪൭ രൂപയുടെ ഭക്ഷ്യസാധനങ്ങൾ വാങ്ങിയിട്ടുണ്ടു്. ആ തുകയും മുഴുവൻ കൊടുത്തു തീർത്തിട്ടുണ്ടു്. അക്ടോബർ, നവംബർ, ഡിസംബർ ഈ മാസങ്ങളിൽ ഭക്ഷ്യസാധനങ്ങൾ വാങ്ങിയവകയിലുള്ള പണം കൊടുത്തിട്ടില്ല. എന്നാൽ പുറ൪൩൦ ജനുവരിയിൽ ൨൬,൬പു,൩൯൬൬ രൂപയും, ഫെബ്രുവരിയിൽ ൩൭, പ൩, പുപു പുരൂപയും, മാർച്ചിൽ പു,൩൦,൯൬,൯൯൭൫ രൂപയും ഈ വകയിൽ അഡ്വാൻസായി ഈ ഗവൺമെണ്ടിൽനിന്നും ഇൻഡ്യാ ഗവൺമെണ്ടിലേക്ക് കൊടുത്തിട്ടുണ്ടു്. അഡ്വാൻസു കൊടുത്തതിൽ ൭൫ ശതമാനം ഭക്ഷ്യസാധനങ്ങൾ ഇനിയും നമുക്കു് കിട്ടിയി

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. J. John]

ട്ടില്ല. അതായതു് അഡ്വാൻസു കൊടുത്തതിൽ ഒരു വലിയ തുക ഈ ഗവമ്മെണ്ടിലേക്കു് വരാനുണ്ടു് എന്നു പറയാം. ഫൈനൽ ജൂലൈ ഫ–ാംതീയതിമുതൽ ആ ഇനത്തിൽ ഇൻഡ്യാഗവമ്മെണ്ടിലേക്കു് യാതൊരു തുകയും കൊടുക്കാനില്ലെന്നും നേരെമറിച്ചു് നാം അഡ്വാൻസു കൊടുത്തവകയിൽ ഇനിയും ഭക്ഷ്യസാധനങ്ങളും നമുക്കു് കിട്ടാനാണുള്ളതെന്നും ഈ കണക്കുകളിൽനിന്നും കാണാവുന്നതാണു്.

ഇനി ഫൈനൽ ജൂലൈമാസത്തിനു് മുമ്പുള്ളതായ ഇടപാടുകളെ സംബന്ധിക്കുന്ന കണക്കുകളും പ്രസ്താവിക്കാം. ഏതാനും മാസങ്ങൾക്കുമുമ്പു് തിരുവിതാംകൂർ–കൊച്ചി ഗവമ്മെണ്ടിൽനിന്നും ആരോ, എഴോ കോടി രൂപാ ഇൻഡ്യാ ഗവമ്മെണ്ടിലേക്കു് കൊടുക്കാനുണ്ടെന്നു് ഒരു പ്രസ്സ്സ്റ്റേറ്റുമെൻറു് ഹിസ്സഫാൻ ടൈംസിൽ കാണുകയുണ്ടായി. അതിനെ സംബന്ധിച്ചു് വേണ്ട അന്വേഷണങ്ങളും നടത്തുകയും, അതു സംബന്ധിച്ചു കാര്യങ്ങൾക്കായി ഫൈ൦ ഫെബ്രുവരി ഫ൭–ാംതീയതി ഡൽഹിയിൽവച്ചു് ഒരു ഫുഡു് കാൺഫറൻസു് നടത്തുകയും ചെയ്തിട്ടുണ്ടു്.

ആ ഫുഡു് കാൺഫ്രൻസിൽ ശ്രീ. വി. പി. മേനോനായിരുന്നു ആദ്ധ്യക്ഷം വഹിച്ചതു്. സ്റ്റേറ്റു മിനിസ്ടറിയെ പ്രതിനിധീകരിച്ചുകൊണ്ടു് ഫുഡുമിനിസ്റ്റർ, ഫിനാൻഷ്യൽ മിനിസ്റ്റർ, ഡയറക്ടർ ആഫു് ഫുഡു് അക്കൌണ്ടു് സു ഇതുയും പേരും ഹാജരുണ്ടായിരുന്നു. നമ്മുടെ ഗവമ്മെണ്ടിന്റെ പ്രതിനിധികളായി ചീഫു് സെക്രട്ടറിയും അഡീഷനൽ ഫിനാൻഷ്യൽ സെക്രട്ടറിയും ഹാജരുണ്ടായിരുന്നു. അങ്ങനെയുള്ള ആ കാൺഫ്രൻസിലെ പ്രൊസീഡിംഗ്സിന്റെ ഒരു ഭാഗം ഞാൻ വായിക്കാം.

"The question of payment for food supplies from the States was discussed with the representatives of the Food Ministry. The following conclusions were reached :

* * * *

Travancore-Cochin State: The total amount due from the Travancore Cochin State was about Rs. 3·15 crores subject to settlement of details of this amount Rs. 2 crores would be set off against amounts due to the Travancore-Cochin State on account of the federal financil integration. The remainder of Rs. 1·15 crores would be paid in monthly instalments of Rs. 15 lakhs."

ഇതനുസരിച്ചു് മാച്ചു് ഫ൭-ാംനു- ആ ഇൻസ്റ്റാൾമെണ്ടു് ഫ൫ ലക്ഷം രൂപാ അയക്കണമെന്നു കാണിച്ചു് റീജനൽ ഫുഡ്കമ്മീഷണർ, സതേൺ റീജിയൻ, മദ്രാസു് എന്ന ആഫീസിൽനിന്നും ഒരെഴുത്തു ലഭിക്കുകയുണ്ടായി. ആ എഴുത്തിലെ താല്പര്യപ്രകാരം ഫ൫ ലക്ഷം രൂപാ അയച്ചുകൊടുക്കുകയും ചെയ്തു. എഴുത്തു ഫ൭-ാം തീയതി അവിടെനിന്നും അയച്ചെങ്കിലും തുക ഫ൭-ാംനു- തന്നെ അയയ്ക്കുകയാണുണ്ടായതു്. ബാക്കി ഇനി കൊടുക്കേണ്ടതു് ഒരു കോടി രൂപയാണു്. മാസംതോറും ഫ൫ ലക്ഷം രൂപാവീതം ഈ തുക ഇൻസ്റ്റാൾമെണ്ടായി കൊടുത്തു തീർക്കാവുന്നതും അങ്ങനെ ആറുമാസംകൊണ്ടു് ഈ തുക തിരുന്നതുമാണു്.

Sri. P. S. Nataraja Pillai: Is it correct for me to understand that the 2 crores of rupees now set off by the Central Government is the 2 crores of rupees shown as receipt for 1950—51 in the Budget?

ശ്രീ. എ. ജെ. ജാൺ: രണ്ടുകോടി രൂപാ ഇൻഡ്യാഗവമ്മെണ്ടിൽനിന്നും ഫിനാൻഷ്യൽ ഇൻറിഗ്രേഷൻ സംബന്ധിച്ചു ഈ സ്റ്റേറ്റിലേക്കു് വരാനുണ്ടു്. ആ രണ്ടുകോടി രൂപയും ഇവിടെനിന്നും കൊടുക്കുവാനുള്ള മൂന്നു കോടി പതിനഞ്ചുലക്ഷം രൂപയിൽ വകവച്ചിരിക്കുകയാണു്.

Sri. P. S. Nataraja Pillai: Sir, What I want to know is: Is not that two crores of rupees now taken credit in the Budget for 1950—51?

ശ്രീ. എ. ജെ. ജാൺ: അതു് റവന്യൂ ഇനത്തിൽ ക്രെഡിറ്റു ചെയ്തിട്ടുണ്ടു്.

Sri. P. S. Nataraja Pillai: Then, Will I be right if I infer that we are not going to get Rs. 2 crores during 1950—51?

ശ്രീ. എ. ജെ. ജാൺ: സെറ്റാഫു് ചെയ്തുപോയി. അതുകൊണ്ടു് ആ രണ്ടു കോടി രൂപാ വേറെ കിട്ടാൻ പോകുന്നില്ല.

Sri. P. S. Nataraja Pillai: May I know whether the present Budget is not estimated on the basis that the 2 crores of rupees is available for expenditure during 1950—51?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ: അതു് ഈ രണ്ടു കോടി രൂപയല്ല. ഇൻഡ്യാ ഗവണ്മെണ്ടിൽനിന്നും ലോണായി കിട്ടേണ്ട രണ്ടു കോടി രൂപയാണതു്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: സെറാഫ് ചെയ്യ എന്നു പറഞ്ഞതു്, സബ് സിഡിയിനത്തിൽ വരുവാനുള്ളതാണോ?

ശ്രീ. എ. ജെ. ജാൺ: അല്ല. സബ്സിഡിയായി നമുക്കു കിട്ടുവാനുള്ള തുകയെല്ലാം തട്ടിക്കഴിച്ചു ബാക്കി ക്ഷേണസാധനങ്ങൾ വാങ്ങിച്ചവകയിൽ ഇൻഡ്യാഗവണ്മെണ്ടിലേക്കു് കൊടുക്കുവാനുണ്ടായിരുന്നതു് മൂന്നു കോടി പതിനഞ്ചുലക്ഷം രൂപയാണു്. അതിൽ, ഞാൻ മുൻപു പറഞ്ഞതുപോലെ രണ്ടു കോടി രൂപാ ഈ സ്റ്റേറിലേക്കു് വരുവാനുണ്ടായിരുന്നതു് തട്ടിക്കഴിച്ചു. ബാക്കി കൊടുക്കുവാനുള്ളതു് ഒരു കോടി പതിനഞ്ചുലക്ഷം രൂപയാണു്. ഫൻ ർ ഫെബ്രുവരി ൨൰ാംതീയതിയിലെ കണക്കാണു് ഞാനിപ്പറഞ്ഞതു്.

Sri. P. S. Nataraja Pillai: It is seen from page 6 of the Budget that Rs. 3·20 crores is due to us as contribution from Government of India towards meeting the Revenue gap due to federal financial integration. Is this Rs. 2 crores out of the amount credited there?

ശ്രീ. എ. ജെ. ജാൺ: അതല്ല. അതു് വേറെ കിട്ടേണ്ടതാണു്.

Sri. P. S. Nataraja Pillai: May I request the Hon'ble Finance Member to refer to the page of the Budget? I am referring to page 6 of the Budget where receipt is credited for Rs. 3,20,00,000. Is this 2 crores out of that amount?

ശ്രീ. എ. ജെ. ജാൺ: അതു് ഇതുമായി യാതൊരു ബന്ധവുമില്ലാത്തതാണു്. സെൻട്രലിലേക്കു വിട്ടുകൊടുത്ത ഇനങ്ങളിൽനിന്നു നമുക്കു കിട്ടേണ്ട ഓഹരിയാണതു്.

Sri. K. Sivarama Pillai: May I ask a question? Is it not the amount of Rs. 2 crores that we have credited as Capital Receipts that is sought to be set off?

ശ്രീ. എ. ജെ. ജാൺ: മൂന്നു കോടി ഇരുപതുലക്ഷം രൂപയും സെൻട്രൽ ഗവണ്മെണ്ടിലേക്കു് വിട്ടുകൊടുത്തിരിക്കുകയാണു്. അതിൽ സെൻട്രൽ സബ്ജക്റ്റ്സിനുള്ള ചെലവു കഴിച്ചു ബാക്കി കണക്കു തീർക്കുമ്പോൾ വരുന്നതു് ഒരു കോടി പതിനഞ്ചുലക്ഷം രൂപയാണു്.

Sri. K. Sivarama Pillai: That is not what I ask. We have included Rs. 2 crores as Capital Receipts. Is it not that amount that is sought to be set off?

ശ്രീ. എ. ജെ. ജാൺ: അതു് റവന്യൂ ഹെഡ്ഡിൽ കൊണ്ടുവന്നിട്ടില്ല. ക്യാപ്പിറ്റൽ ഹെഡ്സിലാണു് ചേർത്തിരിക്കുന്നതു്.

ശ്രീ. എ. താണുപിള്ള: ഫെഡറൽ ഫിനാൻഷ്യൽ ഇൻറിഗ്രേഷൻമൂലം സെൻട്രൽ ഗവണ്മെണ്ടിൽനിന്നും നമുക്കു കിട്ടേണ്ടതു് രണ്ടു കോടി രൂപയാണെന്നു പറഞ്ഞു. എതുകാലത്തേക്കു് നമുക്കു കിട്ടേണ്ട രണ്ടു കോടി രൂപയാണു് ഈ മൂന്നു കോടി പതിനഞ്ചുലക്ഷം രൂപയിൽ തട്ടിക്കഴിച്ചിട്ടുള്ളതു്?

ശ്രീ. എ. ജെ. ജാൺ: ഞാൻ മുൻപു പറഞ്ഞതുപോലെ, ഫൻ ർ ഫെബ്രുവരിയിൽ സെൻട്രൽ ഗവണ്മെണ്ടും ഈ ഗവണ്മെണ്ടും തമ്മിലുള്ള കണക്കുകളും ഇടപാടുകളും പരിശോധിക്കുകയുണ്ടായി. തൽസംബന്ധമായി അസറ്റ്സും ലയബിലിറ്റീസും തിട്ടപ്പെടുത്തുകയും ഒടുവിൽ മൂന്നുകോടി പതിനഞ്ചുലക്ഷം രൂപാ അങ്ങോട്ടു കൊടുക്കേണ്ടതായുണ്ടെന്നു കാണുകയും ചെയ്തു. അതോടൊപ്പംതന്നെ ഫിനാൻഷ്യൽ ഇൻറിഗ്രേഷൻ സംബന്ധിച്ചു രണ്ടുകോടി രൂപാ ഈ സ്റ്റേറിനു തരാനും സെൻട്രൽ ഗവണ്മെണ്ടു് ബാധ്യസ്ഥരാണു്.

ശ്രീ. എ. താണുപിള്ള: മൂന്നു കോടി ഇരുപത്തിഅഞ്ചു ലക്ഷം രൂപാ ഫിനാൻഷ്യൽ ഇൻറിഗ്രേഷൻറെ ഫലമായി സെൻട്രൽ ഗവണ്മെണ്ടിലേക്കു നാം കൊടുക്കേണ്ടതില്ലേ?

ശ്രീ. എ. ജെ. ജാൺ. അതെ. റിക്കാർഡുപ്രകാരം അത്രയും തുക നാം കൊടുക്കേണ്ടതുണ്ടു്. എന്നാൽ അസറ്റ്സു് ആൻഡ് ലയബിലിറ്റീസ് കണക്കാക്കുമ്പോൾ നമ്മുടെ ലയബിലിറ്റീസിൻറെ വകയ്ക്കു തരാനുള്ള തുകയാണു് രണ്ടുകോടി രൂപാ.

ശ്രീ. എ. താണുപിള്ള: നമ്മുടെ കടങ്ങൾ വീടാനുള്ള വകയ്ക്കു ഈ അസറ്റ്സു ആൻഡ് ലയബിലിറ്റീസിൻറെ കണക്കിൻപ്രകാരം നമുക്കു് കിട്ടാനുള്ള തുക ഇനി കിട്ടുകയില്ലേ?

ശ്രീ. എ. ജെ. ജാൺ: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ആർ. ഇലങ്കത്തു് : ക്യാപ്പിറ്റൽ ലിസ്റ്റിൽ ഈ രണ്ടുകോടി രൂപാ സെറ്റാ ഫ് ചെയ്തിരിക്കുന്ന എന്നല്ലേ മനസ്സിലാക്കേണ്ടതു്?

ശ്രീ. എ. ജെ. ജാൺ: അതെ.

ശ്രീ. എ. താണുപിള്ള: ഫുഡ് കാൺഫ്രൻസിൽ ഈ തുകയെ സംബന്ധിച്ചു രണ്ടുകൂട്ടരും ചേർന്നു എന്തെങ്കിലും റിക്കാർഡു സൃഷ്ടിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഉണ്ടു്.

ആ സ്ഥിതിക്കു് ഇതിനു മുൻപു ബഹുമാനപ്പെട്ട ഫുഡ് മിനിസ്റ്റർ ഇരയിനത്തിൽ ഒരു കോടി പതിനഞ്ചുലക്ഷം രൂപാ മാത്രമെ ഇൻഡ്യാ ഗവൺമെണ്ടിലേണ്ടു് കൊടുക്കാനുള്ളു എന്നു പറഞ്ഞതു അക്ഷരംപ്രതി ശരിയാണു്.

പിന്നീടു അസറ്റ്സ് ആൻഡ് ലയബിലിറ്റീസിൽ ഈ തുക ചേർത്തില്ല എന്നു പറയുകയുണ്ടായി. അതിന്റെ വിവരംകൂടി പ്രസ്താവിക്കാം. ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റുമെണ്ടു് ഫന്ദ-ം, ഫ ഉ-ം പേജുകളിലേക്കു ഞാൻ ബഹുമാനപ്പെട്ട മെമ്പറന്മാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ഡിപ്പോസിറ്റ്സ് ആൻഡ് അഡ്വാൻസ് എന്നു പറഞ്ഞു തുടങ്ങുന്ന ഇനത്തിൽ 'എൻ' എന്ന ഐറ്റം നോക്കിയാൽ മൂന്നാമത്തെ അഡ്വാൻസായി ഇതു് ചേർത്തിട്ടുണ്ടെന്നു കാണാം. ആയിനത്തിൽ ഫഫഘ ൪-ലെ ഫൈനാൻഷ്യൽ അക്കൗണ്ട്സിൽ ചേർത്തിരിക്കുന്നതു് ഘ ൪,വ ൦,ന ൭,ന്നന്ന രൂപയാണു്. പെലവായി ചേർത്തിരിക്കുന്നതു്, ഫ ഉ-ാം പേജിൽ, ഫവ, ൭വ, ൈ, ൈന രൂപയാണു്. ഇതിനെസംബന്ധിച്ചുള്ള ഡിറെയിൽസു് എല്ലാം ബഡ്ജറ്റിന്റെ ന ൈ ൪-ം, ന ൈ ൈ-ം പേജുകളിൽ ചേർത്തിട്ടുണ്ടു്. അതിൽ (എ) ഫുഡ് സ്റ്റഫ് അഡ്വാൻസു എന്ന അക്കൗണ്ടിൽ, ഘ ഘ,ൈ ൪, ൦ ൈ, ൈന ൪ രൂപയും, എക്സ്പെൻറിച്ചറിൽ, അതേ ഇനത്തിൽ, ഫന്ന,ഘ ൭,൪ ൦, ൪വന്ന രൂപയുമാണു്. ഇവിടെയും അതേ തുകയാണു്. ആ പേജിൽതന്നെ ടോട്ടലായി വച്ചിരിക്കുന്നതു് ഘ ൪,വ ൦,ന ൭,ന്നന്ന രൂപായാണു്. അതുതന്നെയാണു് ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റുമെണ്ടിൽ അവസാനം കൊടുത്തിരിക്കുന്ന തുകയും. അതിന്റെ റസീറ്റ്സു് ഫവ, ൭വ, ൈ, ൈന രൂപയാണു്. ആ തുക തന്നെ ഫ൭-ാമത്തെ പേജിലും ചേർത്തിട്ടുണ്ടു്. അതുകൊണ്ടു് അസറ്റസു് ആൻഡ് ലയബിലിറ്റീസു് പ്രത്യേകമായി ചേർത്തിട്ടില്ലെങ്കിലും അതിന്റെ ഡിറെയിൽസു് എല്ലാംതന്നെ ബഡ്ജറ്റിലും ചേർത്തിട്ടുണ്ടു്.

Sri. P. S. Nataraja Pillai : Am I to understand that this liability is included in advances not bearing interest ?

ശ്രീ. എ. ജെ. ജാൺ: വ്യത്യാസമുണ്ടു്. ന ൦ ഫ ലക്ഷം രൂപയുടെ വ്യത്യാസമുണ്ടു്. അന്നു അതുപോലെ തുക ഇൻഡ്യാഗവൺമെണ്ടിലേക്കു് കൊടുക്കാനുണ്ടായിരുന്നു. പിന്നീടു ഏകദേശം മൂന്നു കോടി ഇരുപത്തഞ്ചുലക്ഷം രൂപാ കൊടുക്കാനുണ്ടെന്നുകണ്ടു. ഇപ്പോൾ എല്ലാ കണക്കുകളും തട്ടിക്കഴിച്ചു് ഒരുകോടി പതിനഞ്ചുലക്ഷം രൂപാ മാത്രമെ ഇൻഡ്യാഗവൺമെണ്ടിനു കൊടുക്കാനുള്ളു.

Sri. K. Sivarama Pillai : Is that 315 lakhs of rupees shown in the budget ?

ശ്രീ. എ. ജെ. ജാൺ: അഡ്വാൻസിലെ അതു് ചേക്കാൻ ഒക്കുകയുള്ളു. ലയബിലിറ്റീസിൽ അതു് ചേക്കാൻ ഒക്കുകയില്ല. എന്തെന്നാൽ അസറ്റ്സു് ആൻഡ് ലയബിലിറ്റീസു് കണക്കിൽ ഈ തുക ഉൾപ്പെടുത്തുമ്പോൾ ഇവിടെ സ്റ്റാക്കുള്ള അരിയുടെ വില അസറ്റ്സിൽകൂടി ഉൾപ്പെടുത്തണം. ഇവിടെ സ്റ്റാക്കു എത്രയുണ്ടെന്നു അപ്പോൾ തിട്ടപ്പെടുത്തിയിട്ടില്ല. ഏകദേശം മൂന്നുകോടി രൂപയുടെ ഭക്ഷണസാധനങ്ങൾ ഇവിടെ ഇരിപ്പുണ്ടു്. അപ്പോൾ ഈ അരിയുടെ വിലകൂടി അസറ്റ്സായിട്ടു ഉൾപ്പെടുത്തണം. അതുകൊണ്ടാണു് അഡ്വാൻസു എന്നു കാണിച്ചിരിക്കുന്നതു്. അതിന്റെ കണക്കു ഫൈനലായി സെറ്റിൽ ചെയ്യുമ്പോൾ മാത്രമേ, അതു് അസറ്റ്സു് ആൻഡ് ലയബിലിറ്റീസിൽ ചേക്കുവാൻ നിവൃത്തിയുള്ളു. എന്നാലും ഈയിനത്തിൽ ഒരുകോടി പതിനഞ്ചുലക്ഷം രൂപാ മാത്രമെ ഇൻഡ്യാ ഗവൺമെണ്ടിലേക്കു കൊടുക്കുവാനുള്ളു. ഏകദേശം രണ്ടുകോടി രൂപാ ഇരയിനത്തിൽ ഗവൺമെണ്ടു് അഡ്വാൻസു ചെയ്തിട്ടുമുണ്ടു്. അങ്ങനെ നോക്കിയാലും ഏകദേശം മുക്കാൽ കോടി രൂപയോളം ഗവൺമെണ്ടു് അധികം മുടക്കിയിരിക്കുകയാണെന്നു കാണാം.

ശ്രീ. ഇട്ടീര അന്ത്രുക്കൻ: പ്രതിമാസം പതിനഞ്ചുലക്ഷം രൂപാ ഇൻസ്റ്റാൾമെൻറായി അടച്ചുകൊള്ളാമെന്നു് ഈ ഗവൺമെണ്ടു് ഇൻഡ്യാഗവൺമെണ്ടിനെ അറിയിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജോൺ: ഇതുഗവമ്മെണ്ടുകളും സമ്മതിച്ചുചെയ്ത ഒരു തീരുമാനമാണതു്.

ശ്രീ എ. താണുപിള്ള: ഇൻറഗ്രേഷൻ സമയത്തു അസ്സെറ്റ്സും ലയബിലിറ്റീസു് കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ടു്.

ശ്രീ. എ. താണുപിള്ള: അപ്പോൾ അതിൽ ഫഡ് സംബന്ധിച്ചു് കണക്കുകൾ ചേത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല. ഫെഡറൽ സബ്ജക്ട്സു് സംബന്ധിച്ചു കണക്കുകളാണു് എടുത്തതു്.

ശ്രീ. എ. താണുപിള്ള: അപ്പോൾ ഈ ലയബിലിറ്റീസു് കണക്കാക്കിയിട്ടുണ്ടായിരുന്നോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല. അതാണു് ഞാൻ പറഞ്ഞതു് ഫെഡറൽ സബ്ജക്ടു് സംബന്ധിച്ചു കണക്കുകളാണു് ചേത്തിരുന്നതെന്നു്. ഈ ഫഡ് സംബന്ധിച്ചുള്ള കണക്കുകൾ അതിൽ വരികയില്ലെന്നമാത്രമല്ല, ഫഡു് സംബന്ധിച്ചു് കൊടുക്കുവാനുള്ള പണം ലയബിലിറ്റീസായിട്ടു കണക്കാക്കാനും സാദ്ധ്യമല്ല. ഫഡ് സംബന്ധിച്ചുള്ള കണക്കുകൾ അവസാനമായി തിട്ടപ്പെടുത്തുമ്പോഴാണു് അതു നിശ്ചയിക്കുന്നതു്. ഇപ്പോൾ അതു സാദ്ധ്യമല്ല. അതുകൊണ്ടു് ഇൻഡ്യാ ഗവമ്മെണ്ടിൻറെ ഫഡ് മിനിസ്റ്റർ ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ടെന്നുവരികിൽ അതു ശരിയല്ല. അദ്ദേഹം റിക്കാർഡു് നോക്കിയിരുന്നുവെങ്കിൽ ഇതുമാതിരി പറയുകയില്ലായിരുന്നു. ആഫ് ഹാൻഡായിട്ടു അങ്ങനെ പറഞ്ഞുവെന്നാണു് എൻറെ വിശ്വാസം. ഇതുസംബന്ധിച്ചു് ഇത്രമാത്രമെ എനിയ്ക്കു പറയുവാനുള്ളു.

Sri. D. Gnanasigamoni: May I understand that the Report in the 'Hindustan Times' is based on the statement by the Hon'ble Minister for Food in the Parliament?

Sri. A. J. John: That was an unauthorised report, just as we see in some of our papers.

മി. സ്പീക്കർ: അടിയന്തിരപ്രമേയത്തിനു വിഷയമായിട്ടുള്ള സംഗതിയെ അടിസ്ഥാനമാക്കി നൽകിയ മിനിസ്റ്ററുടെ വിശദീകരണം കേൾക്കുകയുണ്ടായി. ഇതു് സ്ഥിരീകരിക്കപ്പെടാത്ത ഒരു റിപ്പോർട്ടിനെ അടിസ്ഥാനമാക്കി കൊണ്ടുവന്നിട്ടുള്ളതും ബഡ്ജറ്റ് വാദപ്രതിവാദസമയത്തുതന്നെ വാദപ്രതിവാദം നടത്താൻ സാദ്ധ്യമായിരുന്നതുമായ ഒരു സംഗതിയാണു്. അതുകൊണ്ടു ഇതു് ഒരടിയന്തിരപ്രമേയമായി വാദപ്രതിവാദത്തിനു എടുക്കത്തക്കതല്ല. അതിനാൽ പ്രമേയം തള്ളിയിരിക്കുന്നു.

LEGISLATIVE BUSINESS

The Hindu Religious Institutions Bill

Chief Minister **(Sri. T. K. Narayana Pillai):**

I beg to present the Report of the Select Committee on the Hindu Religious Institutions Bill. I understand that the Bill, as revised by the Select Committee, was published only yesterday night and that there was not sufficient time for the Hon'ble Members to send in amendments. This Bill, as I submitted even at the time of its introduction has to become law by the 16th April and so I move that the Bill may be taken into consideration. The consideration of the Bill may be taken up tomorrow, so that an opportunity may be given to the Hon'ble Members to send in amendments before that time.

Sri. A. J. John: I second it.

The motion that the Bill be taken into consideration was put and carried.

Sri. C V. Iyyu: May I know as to when the consideration of the Bill will be over, for even we, non-Hindus, would like to go to our homes and give some baksheesh to our Hindu dependants on the New Year Day? We would like to know how many days we have to sit for the discussion of the Bill.

Mr. Speaker: That would depend on the course of the debate and its progress and cannot be predicted now.

ശ്രീ. മന്നത്തു പത്മനാഭൻ: സർ, ഈ ബില്ലിൻറെ മലയാളം തർജ്ജിമ കിട്ടിയിട്ടില്ല. അതിൻറെ മറ്റു റിപ്പോർട്ടുകളും മലയാളത്തിൽ കിട്ടിയിട്ടില്ല. ഈ റിപ്പോർട്ടുകളെല്ലാം വായിച്ചു നോക്കിയിട്ടുവേണം ഞങ്ങൾക്കു് ഭേദഗതി ഹാജരാക്കാൻ. അതുകൊണ്ടു് ഇവയുടെ മലയാളം പ്രതി കിട്ടിയാൽകൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly